"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ്- ശ്രീമതി.ഷീജ ഇ. കെ., ശ്രീ ഷാജു ടി.പി., എന്നിവർ ഫയൽ ചെയ്ത OA 391/2024, OA 390/2024 എന്നീ കേസുകളിലായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2024 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1116/2025/HOME തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1. സ.ഉ (അച്ചടി) നം.6/2018/ആഭ്യന്തരം, തീയതി 22.01.2018
2. സ.ഉ (കൈ) നം.135/2019/ആഭ്യന്തരം, തീയതി 02.09.2019
3. സ.ഉ (സാധാ).നം. 401/2020/ആഭ്യന്തരം, തീയതി 04.02.2020
4. സ.ഉ (സാധാ) നം.465/2020/ആഭ്യന്തരം, തീയതി 12.02.2020
5. സ.ഉ.(അച്ചടി)നം.26/2020/ആഭ്യന്തരം, തീയതി 06.05.2020
6. സ.ഉ(സാധാ)നം.1730/2020/ആഭ്യന്തരം, തീയതി 06.08.2020
7. സ.ഉ (സാധാ) നം.617/2024/ആഭ്യന്തരം, തീയതി 29.02.2024
8. ശ്രീമതി രേണുക, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (സീനിയർ ഗ്രേഡ്) ഫയൽ ചെയ്ത OA നം. 408/2024 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.03.2024 തീയിതിയിലെ വിധിന്യായം.
9. ശ്രീമതി..ഷീജ ഇ. കെ., ശ്രീ ഷാജു ടി.പി., എന്നിവർ ഫയൽ ചെയ്ത OA 391/2024, OA 390/2024 എന്നീ കേസുകളിലായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2024 തീയതിയിലെ വിധിന്യായം.
10. സ.ഉ (സാധാ) നം.1734/2024/ആഭ്യന്തരം, തീയതി 24.06.2024

<u>ഉത്തരവ്</u>

പ്രോസിക്യൂഷൻ വകുപ്പിൽ 2018-ലെ അസിസ്റ്റൻ്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതകൾ പരിഹരിക്കുന്നതിനും, ഇപ്രകാരം തെറ്റായ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നൽകപ്പെട്ട സ്ഥാനക്കയറ്റങ്ങളിൽ ഉചിതമായ തിരുത്തലുകൾ വരുത്തുന്നതിനും സർക്കാർ പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുൻപ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി രേണുക- യ്ക്ക് 29.08.2017-ൽ തെറ്റായി അനുവദിച്ച അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I പ്രൊമോഷൻ ടിയാളുടെ പ്രൊബേഷൻ പൂർത്തിയായ 19.08.2018 തീയതിലേക്ക് പുനർനിശ്ചയിച്ചും തുടർന്ന് ടിയാൾക്ക് നൽകിയിരുന്ന സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം റദ്ദ് ചെയ്തുകൊണ്ടും ഉത്തരവായിരുന്നു. കൂടാതെ പ്രൊബേഷൻ പൂർത്തിയാക്കാതെ 2018-ലെ സെലക്ട് ലിസ്റ്റിൽ തെറ്റായി ഉൾപ്പെടുത്തി ശ്രീമതി. ഷീജ ഇ. കെ, ശ്രീ ഷാജു ടി.പി

എന്നിവർക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ, ഇവരെ 2018-ലെ സെലക്റ്റ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനും, ഈ ജീവനക്കാർ സ്ഥാനക്കയറ്റത്തിന് യോഗ്യരായ 2019-ലെ സെലക്റ്റ് ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തുന്നതിനുമായി ഡിപ്പാർട്ട്മെന്റൽ പ്രോമോഷൻ കമ്മിറ്റി ചേരുന്നതിനുള്ള ശുപാർശ സർക്കാരിനു സമർപ്പിക്കുവാൻ പ്രോസിക്യൂഷൻ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

2. എന്നാൽ പരാമർശം (7)-ലെ പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി രേണുക എസ്. ബി., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 408/2024 -ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ പരാമർശം (8) പ്രകാരമുള്ള വിധിന്യായം പ്രകാരം, പരാമർശം (7)-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും പരാതിക്കാരിയെയും, മറ്റ് ബാധിക്കപ്പെട്ടവർക്കും കേൾക്കാനുള്ള അവസരം നൽകിയ ശേഷം, അതത് കക്ഷികൾ ഉന്നയിക്കുന്ന എല്ലാ വാദങ്ങളും പരിശോധിച്ച് വിഷയം വീണ്ടും പരിഗണിക്കാനും നിയമാനുസൃതമായി തീരുമാനമെടുക്കാനും സർക്കാരിനോട് നിർദ്ദേശിച്ചു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പുനപരിശോധിക്കുകയും പരാമർശം (7)-ലെ ഉത്തരവിൽ ഉന്നയിച്ചിരുന്ന വിഷയങ്ങൾ നിയമപരമായി നിലനിൽക്കുന്നതാണെന്ന് ബോധ്യപ്പെട്ടുകൊണ്ട് പരാമർശം (10) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3. ഇതിനിടയിൽ പരാമർശം (7)-ലെ ഉത്തരവിനെതിരെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമായ ശ്രീമതി ഷീജ ഇ കെ, ശ്രീ ഷാജു ടിപി എന്നിവർ ബഹു ട്രിബ്യൂണൽ മുമ്പാകെ OA 390/2024 & 391/2024 എന്നീ കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ പ്രകാരം ബഹു. കോടതി പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം പരാമർശം (8) ലെ വിധിന്യായത്തിലെ നിർദേശങ്ങൾ OA 390/2024 & 391/2024 എന്നീ കേസുകൾക്കും ബാധകമാണെന്നും, സീനിയോറിറ്റി പുനർനിശ്ചയിക്കുന്ന കാര്യത്തിൽ ഹർജിക്കാരെ നേരിട്ട് കേട്ട് തീരുമാനം കൈക്കൊള്ളണമെന്നും ബഹു ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

4. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര (എസ്) വകുപ്പിന്റെ അണ്ടർ സെക്രട്ടറി 16.04.2024 തീയതിയിൽ ഹർജിക്കാരായ ശ്രീമതി ഷീജ ഇ കെ, ശ്രീ ഷാജു ടിപി എന്നിവരെ നേരിൽ കേട്ടു. സെലക്റ്റ് ലിസ്റ്റിൽ നിന്ന് പരാതിക്കാരെ നീക്കം ചെയ്യാനും സീനിയോറിറ്റി പുനഃക്രമീകരിക്കാനും നിർദ്ദേശിച്ച പരാമർശം (7)-ലെ ഉത്തരവ് തികച്ചും നിയമവിരുദ്ധവും നീതീകരിക്കാനാവാത്തതുമാണ്, ഒഴിവ് നിലവിൽ വന്ന തീയതിയല്ല, മറിച്ച് ഡി.പി.സി കൂടുന്ന തീയതിയാണ് സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടത്, സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 06.05.2020 തീയതിയിലും 2020-ൽ തന്നെ സ്ഥാനക്കയറ്റവും നൽകിയതിനാൽ വർഷങ്ങൾക്കുശേഷം (Sit back theory) ഇത് പുനപരിശോധിക്കുന്നത് ഉചിതമല്ല, ചട്ടം 27 B ഭാഗം II KS&SSR അനുസരിച്ച് സീനിയോറിറ്റിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ള ഒരു ഉദ്യോഗസ്ഥൻ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ (സീനിയോറിറ്റി ലിസ്റ്റിനോടുള്ള എതിർപ്പ്) പരാതി ഉന്നയിക്കണം, ഇത്തരം പരാതികൾ ലഭിച്ചതായി കാണുന്നില്ല, ആയതിനാൽ സർക്കാരിന് സെലക്റ്റ് ലിസ്റ്റിൽ മാറ്റം വരുത്താൻ അധികാരമില്ല തുടങ്ങിയ വാദങ്ങളാണ് പരാതിക്കാർ മുന്നോട്ടുവച്ചത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഷീജ ഇ.കെ-യുടെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തികയിലെ പ്രൊബേഷൻ പരാമർശം (3) പ്രകാരം 28.04.2019 തീയതി പ്രാബല്യത്തിലും, ശ്രീ ഷാജു ടി.പി യുടേത് പരാമർശം (4) പ്രകാരം 05.11.2019 തീയതി പ്രാബല്യത്തിലുമാണ് ഡിക്ലയർ ചെയ്തിട്ടുള്ളത്. പരാമർശം (1) ലെ വിശേഷാൽ ചട്ടങ്ങളിലെ

വ്യവസ്ഥകൾ പ്രകാരം ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ്, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I എന്നീ തസ്തികകളിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡിപിസി) മുഖേനെ യോഗ്യത, കഴിവ് എന്നിവ പരിശോധിച്ച് അർഹരായ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാനക്കയറ്റം അനുവദിക്കുന്നത്. അതനുസരിച്ച് 12.02.2020-ന് ചേർന്ന ഡിപിസി യോഗം 2018-ലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അനുയോജ്യരായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തികയിലെ ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി പരാമർശം (5) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

6. എന്നാൽ ഇപ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റിൽ പരാതിക്കാരെ തെറ്റായി ഉൾപ്പെടുത്തുകയും തൽഫലമായി, പരാമർശം (6) ഉത്തരവ് പ്രകാരം , ശ്രീമതി ഷീജ ഇ.കെ-യ്ക്ക് 28.04.2019 പ്രാബല്യത്തിലും, ശ്രീ ഷാജു ടി.പി -യ്ക്ക് 05.11.2019 പ്രാബല്യത്തിലും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകി. എന്നാൽ പരാതിക്കാരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്തത് 2019-ൽ മാത്രമാണ്. ആയതിനാൽ ചട്ടങ്ങൾ പ്രകാരം 2019 ലെ സെലക്ട് ലിസ്റ്റിൽ മാത്രമേ ഹർജിക്കാരെ ഉൾപ്പെടുത്താൻ അർഹതയുള്ളൂ. അതിനാൽ 2019-ൽ മാത്രം പ്രൊബേഷൻ ഡിക്ലെയർ ചെയ്ത ഹർജിക്കാരെ 2018-ലെ- അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അനുയോജ്യരായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II -ന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയ നടപടി തെറ്റാണ്. എന്നാൽ ശ്രീമതി ഷീജ ഇ.കെ-യ്ക്കും, ശ്രീ ഷാജു ടി.പി -യ്ക്കും സ്ഥാനക്കയറ്റം ലഭിച്ചത് അവരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച അതേ തീയതിയിൽ തന്നെ ആയതിനാൽ അവരെ താഴത്തെ തസ്തികയിലേക്ക് തിരിച്ചുവിടേണ്ട ആവശ്യമില്ല .

7. യഥാസമയം അപ്പീൽ അല്ലെങ്കിൽ റിവിഷൻ പരാതികൾ സമർപ്പിക്കാത്തതിനാൽ തങ്ങളുടെ സ്ഥാനക്കയറ്റ ഉത്തരവുകൾ ഇനി മാറ്റം വരുത്താനാകില്ല എന്നാണ് T. C. Sreedharan Pillai Vs. State of Kerala (1973 KLT 151) എന്ന കേസിൽ Rabindra Nath Bose and others Vs. Union of India and others (AIR 1970 Sc 70 at 478) എന്ന കേസ് ഉദ്ധരിച്ചുകൊണ്ട് പരാതിക്കാർ വാദിക്കുന്നത്. എന്നാൽ അത്തരമൊരു നീണ്ട കാലയളവ് ഈ കേസിൽ ഉണ്ടായിട്ടില്ല. പരാമർശം (5) പ്രകാരം 06.05.2020- തീയതിയിൽ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും 24.09.2020 തീയതിയിൽ തന്നെ സെലക്ട് ലിസ്റ്റിലെ അപാകത സംബന്ധിച്ച് വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുടെ പരാതി ലഭിക്കുകയും, ഈ പരാതികളുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സീനിയോറിറ്റി/ സ്ഥാനക്കയറ്റം തീയതികൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച ഹർജിക്കാരന്റെ വാദം നിലനിൽക്കുന്നതല്ല. ഇതു സംബന്ധിച്ച് Betty P Anto Vs. Mathew Thomas (2024 KHC Online 476) വിധിന്യായത്തിൽ ബഹു ഹൈക്കോടതി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "Sit Back Theory" — founded on doctrines of delay, laches, and equitable principles — cannot be used as a shield to defend every error in fixation of seniority not challenged and set right instantly. The theory shall be applied only in cases involving unreasonable delay in complaining, accrual of valuable rights in between, manifest acquiescence by the concerned etc.'' ബഹു കോടതിയുടെ ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിലും, സമയബന്ധിതമായി പരാതി ലഭിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിനാലും "Sit Back Theory"-യുടെ ആനുകൂല്യം പരാതിക്കാർക്ക് നൽകാനാകില്ല.

8. ഒരു തെറ്റായ സ്ഥാനക്കയറ്റ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടാൽ അത് പരിശോധിച്ച് മാറ്റം വരുത്തുവാൻ നിയമന അധികാരിക്ക് അധികാരമുണ്ട്. അതിനാൽ, സീനിയോറിറ്റിയിലും സ്ഥാനക്കയറ്റത്തിലും വന്ന അപാകതകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ നിലനിൽക്കുന്നതാണ്. Part II KS&SSRs, ചട്ടം 29-പ്രകാരം, സ്വമേധയാ ഏതു സമയത്തും, അല്ലെങ്കിൽ ഉത്തരവിന്റെ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ഉത്തരവിനാൽ ബാധിക്കപ്പെട്ട ഒരു വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിലോ, സെലക്ഷൻ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം പുനർനിശ്ചയിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. കൂടാതെ മേൽ പറഞ്ഞ ചട്ടത്തിന്റെ Proviso പ്രകാരം ഈ വിഷയത്തിൽ ഒരു പരാതി ലഭിക്കാൻ കാലതാമസമുള്ള സാഹചര്യത്തിലും മതിയായ കാരണമുണ്ടെങ്കിൽ 6 മാസം എന്ന കാലയളവ് ദീർഘിപ്പിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

9. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, സർക്കാർ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(എ) 2019-ൽ മാത്രം പ്രൊബേഷൻ ഡിക്ലയർ ചെയ്ത പരാതിക്കാരായ ശ്രീ. ഷാജു. ടി.പി, ശ്രീമതി ഷീജ. ഇ.കെ എന്നിവരെ 2018-ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി സ്ഥാനക്കയറ്റം നൽകിയ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ, 2018-ലെ സെലക്റ്റ് ലിസ്റ്റിൽ നിന്നും ഈ ഉദ്യോഗസ്ഥരെ ഒഴിവാക്കി അവർ പ്രൊമോഷന് യോഗ്യരായ 2019 വർഷത്തെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ചത് അവരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച അതേ തീയതിയിൽ തന്നെ ആയതിനാൽ, ഇവരെ താഴത്തെ തസ്തികയിലേക്ക് തിരിച്ചുവിടേണ്ടതില്ല. ഇപ്രകാരം ഹർജിക്കാരെ 2019 വർഷത്തെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെ ചുമതലപ്പെടുത്തുന്നു.

**(ബി)** ഇപ്രകാരം നിലവിലുള്ള സീനിയോറിറ്റിലിസ്റ്റിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

10. ഇപ്രകാരം പരാമർശം (9) ലെ ശ്രീമതി.ഷീജ ഇ. കെ., ശ്രീ ഷാജു ടി.പി., എന്നിവർ ഫയൽ ചെയ്ത OA 391/2024, OA 390/2024 എന്നീ കേസുകളിലായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2024 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നവീൻ കൃഷ്ണൻ ജി ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം), എറണാകുളം
ബന്ധപ്പെട്ടവർ (ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ആഡിറ്റ്), തിരുവനന്തപുരം

നിയമ വകുപ്പ് (08.07.202 ലെ OPN-E1/262/2024/LAW നം കുറിപ്പ് പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (27.12.2024 ലെ ADV-A1/219/2024-PandARD നം കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (e- 2765742)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 01-04-2025 12:33:47
സെക്ഷൻ ഓഫീസർ